**GOVERNMENT OF KERALA**

**Abstract**

Electronics & Information Technology Department - Transfer of 12.30 Cents of Technopark land to Police Department for construction of integrated office for Cyberdome project- Ex-post facto approval accorded - Orders Issued.

**ELECTRONICS & INFORMATION TECHNOLOGY (A) DEPARTMENT**

G.O.(Ms)No.9/2022/ITD Dated,Thiruvananthapuram, 25-03-2022

Read:-
1. G.O. (Ms)No.28/2019/ITD dated 14.11.2019.
2. G.O. (Rt)No.13/2022/ITD dated 25.01.2022

**ORDER**

As per Government Order read as 1st paper above, Government have ordered to transfer 12.30 cents of land in Block No.11 Survey No. 406/07 of Kazhakuttam village, Thiruvananthapuram Thaluk owned by Technopark to Police Department for the construction of integrated office for Cyberdome project.

2. In pursuance to the Government Order read as 1st paper above, the Chief Executive Officer, Technopark sought for orders of Government for determination of mode of transfer and the amount of consideration. The Government as per Order read as 2nd paper above, issued orders transferring the 12.30 Cents of land in Block No.11 Survey No. 406/07 of Kazhakuttam village, Thiruvananthapuram Thaluk owned by Technopark on lease basis for 90 years for a consideration of one time payment towards lease rental @ 1000 per Cent for the entire lease period.

3. The Council of Ministers in its meeting held on 23.03.2022 approved the the above action, and accordingly, the action of E&IT Department in having issued Government Order read as 2nd paper above is ratified.

(By order of the Governor)
BISHWANATH SINHA
ADDITIONAL CHIEF SECRETARY

To:

The State Police Chief, Kerala, Thiruvananthapuram.

The Chief Executive Officer, Technopark.

The Accountant General (A&E/ Audit), Kerala, Thiruvananthapuram.

Home (E) Department.

General Administration (SC) Department (Vide Item No. ........ dated ).

Web & New Media for uploading in Government website.

Stock File/ Office Copy.

Forwarded /By order
**Signed by Sajeev K**
**Date: 25-03-2022 12:53:16**
Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-03-2022

ഫയൽ നം. ഐ.ടി.-എ2/37/2020/ഇ&ഐടിഡി. ഇനം നം: 624

വിഷയം : ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ് - ടെക്നോപാർക്കിന്റെ 12.30 സെന്റ് ഭൂമി സൈബർ ഡോം പദ്ധതിയുടെ സംയോജിത ഓഫീസ് നിർമ്മാണത്തിനായി പോലീസ് വകുപ്പിന് പാട്ടത്തിന് കൈമാറുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിച്ചു കൊണ്ട് 25.01.2022-ൽ സ.ഉ.(സാധാ) 13/2022/ITD നമ്പർ ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ്.

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.ഐ.ടി.-എ 2/37/2020/ഇ&ഐടിഡി |
| 2 | വകുപ്പ് | : | ഇ&ഐ.ടി (എ) വകുപ്പ് |
| 3 | വിഷയം | : | ഇ&ഐ.ടി - ടെക്നോപാർക്കിന്റെ 12.30 സെന്റ് ഭൂമി സൈബർ ഡോം പദ്ധതിയുടെ സംയോജിത ഓഫീസ് നിർമ്മാണത്തിനായി പോലീസ് വകുപ്പിന് പാട്ടത്തിന് കൈമാറുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് 25.01.2022-ൽ സ.ഉ.(സാധാ) 13/2022/ITD നമ്പർ ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 23.01.2022 |
| 5 | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതേ |
| (i) | സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : | ഇല്ല |
| (ii) | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. രാജേഷ് കുമാർ എം. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.02.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.02.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യ മന്ത്രി അംഗീകരിച്ച തീയതി | : | 17.03.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19.03.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം, കഴക്കൂട്ടം വില്ലേജിൽ ടെക്നോപാർക്കിന്റെ 12.30 സെന്റ് ഭൂമി സൈബർഡോം പദ്ധതിയുടെ സംയോജിത ഓഫീസ് നിർമ്മാണത്തിനായി പോലീസ് വകുപ്പിന് കൈമാറുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് 25.01.2022-ൽ സ.ഉ. (സാധാ) നം. 13/2022/ഐ.റ്റി.ഡി. ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച കാര്യമാണ് ഈ കുറിപ്പിൽ പ്രതിപാദ്യം.

2. പശ്ചാത്തലം

i. 06/11/2019-ലെ മന്ത്രിസഭാ തീരുമാനം - ഇനം നം. 3480 ന്റെ അടിസ്ഥാനത്തിൽ 14/11/2019 തീയതിയിലെ സ.ഉ.(കൈ) നം. 28/2019/ഇ&ഐടിഡി പ്രകാരം, നിയമപരമായ എല്ലാ നടപടിക്രമങ്ങളും പാലിക്കുവാൻ ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട് ടെക്നോപാർക്കിന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം, കഴക്കൂട്ടം വില്ലേജിലെ സർവ്വേ നമ്പർ 406/07, ബ്ലോക്ക് നമ്പർ 11-ൽ ഉൾപ്പെട്ട 12.30 സെന്റ് ഭൂമി സൈബർഡോം പദ്ധതിയുടെ സംയോജിത ഓഫീസ് നിർമ്മാണത്തിനായി പോലീസ് വകുപ്പിന് കൈമാറുന്നതിന് ഉത്തരവായി. ഭൂമി കൈമാറ്റ രീതിയും, കൈമാറ്റത്തിന് പരിഗണിക്കേണ്ട തുകയും നിർണ്ണയിക്കുന്നതിന് ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിനോട് അഭ്യർത്ഥിച്ചു. പ്രസ്തുത ഭൂമി 90 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ പ്രതിഫലമൊന്നുമില്ലാതെ കൈമാറുന്നതിനുള്ള ഈ വകുപ്പിന്റെ നിർദ്ദേശം ബഹു. മുഖ്യമന്ത്രി പരിശോധിക്കുകയും വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിന് ഉത്തരവിടുകയുമുണ്ടായി. എന്നാൽ പ്രതിഫലമില്ലാതെ പാട്ടത്തിന് നൽകുവാൻ സാധ്യമല്ലായെന്ന വസ്തുത ഈ വകുപ്പ് പിന്നീട് മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ ഉപദേശം തേടുകയുമുണ്ടായി.

ii. റവന്യൂ വകുപ്പ് U4/75/2020/റവ നമ്പർ ഫയലിൽ താഴെപ്പറയുന്ന അഭിപ്രായം അറിയിക്കുകയുണ്ടായി.

A. Item 60 of Kerala Government Secretariat Instructions vide GO (MS) No. 208/80/GAD dated 21-5-1980 conveys that "all cases relating to assignment of land or land revenue or lease, transfer, etc., of Government lands and connected issues shall, after taking orders, be transferred to the revenue department, to be dealt with and orders be issued in that department....". Further, GO (MS) 387/00/RD dated 22.12.2000 states that 'if any land acquired for public purpose is not required for that purpose or for any other purpose of the department for which the land was acquired, the concerned department should bring this fact to the notice of the District Collector concerned and hand over the possession of the land to the Revenue Department immediately. Thereafter, Revenue Department shall transfer/assign the land to any of Government department /local body/PSU, in accordance with the standing instructions relating to transfer of land between Government Department/ or between Government Departments and Local Bodies or assignment of land to PSU as the case may be.' In the subject matter a reliance is also made on 'Circular No 23479/2011/RD dated 03.06.2016 and GO (MS) No 116/2019/RD dated 02.04.2019 wherein orders of transfer of land is to be issued through Revenue Department only. Accordingly, the subject matter is to be dealt in Revenue Department and in accordance with the provisions of GO (MS) 387/00/RD dated 22.12.2000, the said land parcel would have to be surrendered to District Collector, Thiruvananthapuram, and there after Revenue Department would transfer/assign the land to the Police Department.

B. "Technopark (Electronics Technology Parks - Kerala) is a charitable institution under the State Government, governed by the by-law, and the Rules and Regulations framed in this behalf.

   As per para 11 of the regulations, the Governing Body is empowered with the power to frame by laws for some business with regard to Technopark and they are listed from (a) to (e). As per item (c) of para 11 of the said regulation, the Governing Body is vested only with the

powers to accept immovable assets. There is no provision for alienation, transfer, leasing out on pledging of immovable properties incorporated in the said Rules and Regulations.

As per para 20 of the said Rules and Regulations, all the immovable properties are vested in the Governing Body of Technopark. There is no provision enabling the Governing Body for framing bylaws for alienation/sale or transfer of immovable properties.

Regulations regarding dissolution of assets are governed by para 26 of the said Rules and Regulations. Governing Body is not empowered to dispose of immovable properties, in the said section also.

Therefore, unless the MoA and Rules and Regulations with regard to formation and functioning of Technopark is amended accordingly, the transfer of land as proposed herein will be void."

i. മേൽപ്പറഞ്ഞ റവന്യൂ വകുപ്പിന്റെ അഭിപ്രായങ്ങൾ ഈ വകുപ്പ് തുടർന്ന് പരിശോധിക്കുകയും താഴെപ്പറയുന്ന പ്രശ്നങ്ങൾ പരിഗണനയ്ക്ക് വരികയും ചെയ്തു.

a) സർക്കാർ ഭൂമിയിന്മേൽ മാത്രമാണ് റവന്യൂ വകുപ്പിന് അധികാരം നിക്ഷിപ്തമാക്കിയിട്ടുള്ളതെന്ന് 21/05/1980 ലെ സ.ഉ.(കൈ) നം. 208/80/ജി.എ.ഡി. പ്രകാരമുള്ള കേരളസർക്കാർ സെക്രട്ടേറിയറ്റ് ഇൻസ്ട്രക്ഷൻസിലെ 60-ാം ഇനത്തിൽ സ്പഷ്ടമാക്കിയിട്ടുള്ളതാണ്.

b) ഈ പ്രത്യേക വിഷയത്തിൽ ഒരു രജിസ്റ്റേർഡ് സൊസൈറ്റിയായ ടെക്നോപാർക്കിനാണ് ഭൂമിയുടെ ഉടമസ്ഥാവകാശം. ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലാണ് തണ്ടപ്പേർ. ഭൂമിയുടെ ഉടമ സർക്കാർ അല്ല. അതനുസരിച്ച് ഈ സ്വതന്ത്രസ്ഥാപനത്തിന്റെ സ്ഥാവര സ്വത്തുക്കളുടെ ക്രയവിക്രയം സർക്കാരോ സർക്കാരിന് വേണ്ടിയോ ആണെന്ന് പറയാൻ കഴിയില്ല.

c) കൂടാതെ ടെക്നോപാർക്കിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി വർഷങ്ങളായി സർക്കാരിലെ ഭരണ വകുപ്പിന്റെ അനുമതിയോടെ സ്വകാര്യ-പൊതു മേഖലകളിലെ കമ്പനികൾക്ക് മാത്രമല്ല മറ്റ് സർക്കാർ വകുപ്പുകൾ/ അധികാരികൾ/കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ/ സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്ഥാപനങ്ങൾ എന്നിവയ്ക്കും സമയബന്ധിത പാട്ട വ്യവസ്ഥയിൽ ഭൂമി നൽകി വരുന്നുണ്ട്. അതിനാൽ റവന്യൂ വകുപ്പിന്റെ വാദത്തിൽ കഴമ്പില്ല.

d) ടെക്നോപാർക്കിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ (MoA) ചട്ടങ്ങളും സ്ഥാവര സ്വത്തുക്കൾ കൈയ്യൊഴിയാൻ വ്യവസ്ഥ ചെയ്യുന്നില്ല എന്നും, പോലീസ് വകുപ്പിന് ഭൂമി കൈമാറുന്നതിന് ഭേദഗതി ആവശ്യമാണ് എന്നുമുള്ള റവന്യൂ വകുപ്പിന്റെ വാദം പ്രസക്തമായ നിയമത്തിന്റെ പിന്തുണ ഇല്ലാത്തതാണ്. MoA യും ചട്ടങ്ങളും സ്ഥാവര സ്വത്തുക്കൾ കൈയ്യൊഴിയുന്നതിന് ടെക്നോപാർക്കിന് വ്യക്തമായ അധികാരം നൽകുന്നില്ല. എന്നാൽ അപ്രകാരം ചെയ്യുന്നതിനെ നിയന്ത്രിക്കുകയോ, വിലക്കുകയോ ചെയ്യുന്നുമില്ല. റവന്യൂ വകുപ്പ് ആശ്രയിക്കുന്ന ചട്ടങ്ങളിലെ ഖണ്ഡിക 26-ൽ തന്നെ, സൊസൈറ്റി പിരിച്ചുവിടുന്ന സാഹചര്യത്തിൽ ആസ്തികൾ സർക്കാരിൽ നിക്ഷിപ്തമാകുമെന്നും, സർക്കാരിന് അത് ഉപയോഗിക്കുന്നതിനുള്ള പ്രത്യേക അവകാശം ലഭിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആസ്തികൾ ലക്ഷ്യപ്രാപ്തിക്കായി വിനിയോഗിക്കുക എന്നത് ടെക്നോപാർക്കിന്റെ കർത്തവ്യമാണെന്നു മാത്രമല്ല തങ്ങളുടെ അധീനതയിലുള്ള ഭൂമി പാട്ടം/ കൈമാറ്റം ചെയ്യേണ്ട തീരുമാനം മുൻകൂർ സർക്കാർ അനുമതിയോടെ എടുക്കേണ്ടതുമുണ്ട്. ഇലക്ട്രോണിക്സും ടെലികമ്യൂണിക്കേഷനും കമ്പ്യൂട്ടർ സയൻസ് _ എന്നീ മേഖലകളിൽ ഗവേഷണം, വികസനസൗകര്യം എന്നിവ നവീകരിക്കുന്നകാര്യം ത്വരിതപ്പെടുത്തുന്ന തരത്തിൽ കേരളത്തിലെ എല്ലാ·

സ്ഥാപനങ്ങളെയും സജ്ജമാക്കുന്നതും ടെക്നോപാർക്കിന്റെ ഒരു ഉദ്ദേശമാണ്. സാങ്കേതികവിദ്യാ നവീകരണം വഴി സൈബർ സുരക്ഷയിലെ വെല്ലുവിളികൾ നേരിടുന്നതിനായി പുതിയ ഐ.ടി. ടൂളുകൾ വിന്യസിച്ച് ഒരു 'സെന്റർ ഫോർ സൈബർ സെക്യൂരിറ്റി ആന്റ് ഇന്നവേഷൻസ് ഇൻ സെക്യൂരിറ്റി മെഷേഴ്സ്' സ്ഥാപിക്കുന്നതിന് സൈബർഡോം പദ്ധതി ലക്ഷ്യം വയ്ക്കുന്നു. സൈബർ ഫോറൻസിക്ക് മേഖലകളിൽ റിസർച്ച് ആന്റ് ഡെവലപ്മെന്റും ഡാറ്റാ അനലറ്റിക്സും കൊണ്ടുവന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബിഗ് ഡാറ്റാ അനാലിസിസ് വഴി മൊബൈൽ, ഇന്റർനെറ്റ് സാങ്കേതിക വിദ്യ എന്നിവയുടെ പ്രേരണയാലുണ്ടാകുന്ന കുറ്റകൃത്യങ്ങളെ കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും ഈ പുതു തലമുറ കേന്ദ്രം വിഭാവനം ചെയ്യുന്നു. പ്രസ്തുത പദ്ധതി ലക്ഷ്യം ടെക്നോപാർക്കിന്റെ വ്യവഹാര പരിധിയിൽ വരുന്നതാണെന്നുള്ള കാര്യം വ്യക്തമാണ്.

e) എടുത്ത് പറയേണ്ട യുക്തമായ കാര്യം ടെക്നോപാർക്കിന്റെ പ്രവർത്തന കാലയളവിലോ അഥവാ അത് പിരിച്ച് വിടുന്ന സാഹചര്യത്തിലോ സർക്കാരിനുള്ള അവകാശം നിലനിൽക്കുന്നുവെന്നതാണ്. ഈ രണ്ട് സാഹചര്യങ്ങളിലും ടെക്നോപാർക്കിന്റെ സ്ഥാവരവസ്തുക്കൾ കൈമാറാൻ/ പാട്ടത്തിനു നൽകാനുള്ള അന്തിമ അധികാരം സർക്കാരിനാണ്. ആയതിനാൽ, സർക്കാരിന്റെ അവകാശം നിലനിൽക്കുന്നതും ഏതെങ്കിലും നിയമത്താൽ അത് ഇല്ലാതാകുന്നുമില്ല. മേൽകാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ റവന്യൂ വകുപ്പിന്റെ അഭിപ്രായം നിയമപരമായും വസ്തുതാപരമായും നിലനിൽക്കുന്നതല്ല.

ii. പോലീസ് വകുപ്പ് വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങളില്ലാത്ത ഒരു സേവനവകുപ്പാണെന്നും പ്രസ്തുത പദ്ധതിയും വരുമാനമുണ്ടാക്കുന്നതല്ലെന്നും ശ്രദ്ധയിൽപ്പെടുകയുണ്ടായി.

അതിനാലാണ് മുഴുവൻ പാട്ടക്കാലയളവിലേയ്ക്കും നാമമാത്ര പാട്ടതുകയായ സെന്റിന് 1,000/- രൂപ നിർദ്ദേശിച്ചത്. അതനുസരിച്ച് പ്രസ്തുത 12.30 സെന്റ് ഭൂമി 90 വർഷത്തേക്ക് ഒറ്റതവണ പാട്ടത്തിന് സെന്റിന് 1,000/- രൂപാനിരക്കിൽ മുഴുവൻ പാട്ടക്കാലയളവിലേയ്ക്കും പാട്ടത്തിന് അനുവദിക്കുന്നത് പരിഗണിയ്ക്കുവാൻ ബഹു. മുഖ്യമന്ത്രി മുമ്പാകെ നിർദ്ദേശം സമർപ്പിക്കുകയുണ്ടായത്.

iii. സൈബർഡോം പദ്ധതിക്ക് കാലതാമസം നേരിടുന്നതിനാലും കൂടുതൽ കാലതാമസം പദ്ധതി നടപ്പാക്കുന്നതിലെ പ്രശ്നങ്ങൾക്ക് ആക്കം കൂട്ടുമെന്നതിനാലും ടെക്നോപാർക്കിന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം വില്ലേജിലെ ബ്ലോക്ക് നം. 11, സർവ്വേ നം. 406/07 ൽ ഉൾപ്പെടുന്ന 12.30 സെന്റ് ഭൂമി സൈബർഡോം പദ്ധതിയുടെ സംയോജിത ഓഫീസ് നിർമ്മാണത്തിനായി പാട്ടവ്യവസ്ഥയിൽ 90 വർഷത്തേക്ക് ഒറ്റത്തവണ പാട്ടത്തിന് സെന്റിന് 1,000/- രൂപാനിരക്കിൽ മുഴുവൻ പാട്ടക്കാലയളവിലേക്കും കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും അതിനുശേഷം വിഷയം മന്ത്രിസഭ മുമ്പാകെ സാധൂകരണത്തിനായി സമർപ്പിക്കുന്നതിനും ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നു.

**3. വകുപ്പുകൾ തമ്മിലുള്ള കൂടിയാലോചന**

A. വിഷയം ഇതിനകം റവന്യൂ വകുപ്പ് കണ്ടിട്ടുണ്ട്.

B. ടെക്നോപാർക്കിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഒരു പൊതു ആവശ്യത്തിനായി സേവനവകുപ്പായ പോലിസ് വകുപ്പിന് നാമമാത്ര പാട്ടത്തുകയ്ക്ക് കൈമാറുന്നതിനാലും ആ വകുപ്പ് വരുമാനം സൃഷ്ടിക്കാത്ത ഒരു പൊതു ആവശ്യത്തിനായി പ്രസ്തുത ഭൂമി ഉപയോഗിക്കുന്നതിനാലും ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായില്ല.

## തീരുമാനിക്കേണ്ട കാര്യം

14.11.2019 തീയതിയിലെ സ.ഉ.(കൈ)നം. 28/2019/ഐ.ടി.ഡി. ഉത്തരവിലെ ഉള്ളടക്കങ്ങൾക്ക് അനുബന്ധമായി തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം വില്ലേജിൽ ബ്ലോക്ക് നം. 11 ൽ സർവെ നം. 406/07 ൽ ഉൾപ്പെട്ട ടെക്നോപാർക്കിന്റെ ഉടമസ്ഥതയിലുള്ള 12.30 സെന്റ് സ്ഥലം 90 വർഷത്തേക്ക് മുഴുവൻ പാട്ടക്കാലയളവിലേക്ക് ഒറ്റത്തവണ പാട്ടത്തുകയായി സെന്റിന് 1,000 രൂപ നിരക്കിൽ സൈബർഡോം പദ്ധതിയുടെ സംയോജിത ഓഫീസ് നിർമ്മാണത്തിനായി പോലീസ് വകുപ്പിന് കൈമാറിക്കൊണ്ട് 25.01.2022-ന് സ.ഉ.(സാധാ) 13/2022/ഐ.ടി.ഡി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കാമോ.

GOVERNMENT OF KERALA


Abstract

Electronics & Information Technology Department - Transfer of 12.30 cents (10 cents + 2.30 cents) in Block No 11, survey No.406/07 of Kazhakuttam Village, Thiruvananthapuram Taluk owned by Technopark to Police Department for the construction of integrated office for Cyberdome project - Sanctioned Orders issued.


**ELECTRONICS & INFORMATION TECHNOLOGY (A) DEPARTMENT**

**G.O.(Ms)No. 28/2019/E&ITD. Dated, Thiruvananthapuram, 14/11/2019**

Read:- 1. GO(MS)No. 167/2014/Home dated 22/08/2014

2). GO(Rt)No. 286/2015/ITD dated 21/11/2015

3). Letter No. H14-71/2018/PHQ dated 02/01/2018 from the Director General of Police.

4). Letter No.ETPK/3D/2017-18/1624 dated 27/01/2018 from the Chief Executive Officer, Technopark, Thiruvananthapuram.

**ORDER**

The new challenges in Cyber Security, increasing number of cyber crimes and newer sophisticated cyber threats on the internet, targeted against individuals and establishments have necessitated leveraging the expertise of professionals from major IT firms to support and collaborate with Police Department. Accordingly the Police Department has designed the Cyberdome Project which is a Public Private Partnership model with the involvement of both the Police and IT Companies to promote Cyber Security and innovations.

2. As per the Government order read as first paper above Administrative sanction was accorded for the establishment of Cyberdome in 2000 Sq.ft area in Technopark for meeting the new challenges in cyber security and technology updation. As per the

Government order read as second paper above Government have allocated 2523 Sq.ft space at Thejaswini Annexe in Technopark Thiruvananthapuram to Police Department for setting up Cyberdome by waiving rent and security deposit.

3. The Director General of Police has informed that, Kerala Police Cyberdome has grown tremendously over the past one year and now it encompasses a Security Operations Centre, Ransomware School, Social Media Lab, Darknet Monitoring Lab, Banking Frauds Cell, Kidsglove Academy etc. For housing all these units, the present space is inadequate and a full scale office is now required for effective functioning. The Director General of Police has informed that 25 cents of land in Survey No.406/7 is lying vacant, adjacent to the Technopark Campus on the National Highway Kazhakuttom By-Pass Junction just adjacent to the KSEB Sub Station. As the land is located on the National Highway, the public will find it easier to come to Kerala Police Cyberdome. Hence the Director General of Police has requested either to transfer the said land to Police Department or permissive sanction granted to construct the Cyberdome on 25 cents of land as it will help enhancing infrastructure facility relating to Cyber Security of the State as per the letter read as 3rd paper above.

4. The Chief Executive Officer, Technopark has reported vide letter read as 4th paper above, that land parcel of 10 cents and adjacent 2.30 cents ( Total 12.30 Cents) in Block No.11, survey No.406/07 of

Kazhakuttam Village is identified and available for construction of office for Cyberdome project.

5. Government have examined the matter in detail and are pleased to order that the land parcel of 12.30 cents (10 cents + 2.30 cents) in Block No.11, survey No.406/07 of Kazhakuttam Village, Thiruvananthapuram Taluk owned by Technopark is transferred to Police Department for the construction of integrated office for Cyberdome project.

6. The Chief Executive Officer, Technopark shall take necessary steps to hand over the land to Police Department after observing all statutory formalities.

**(By order of the Governor)**
**M. SIVASANKAR**
**SECRETARY**

To,

The State Police Chief, Thiruvananthapuram.
The District Collector, Thiruvananthapuram.
The Chief Executive Officer -IT Parks.
The Principal Accountant General (A&E/audit), Kerala, Thiruvananthapuram
The Registrar, IT Parks.
The General Administration (SC) Department.

Home (E) Department.
The Revenue Department Vide File No.U4/64/2017/Rev).
The Director, I&PRD (Web and New Media)
Stock File/Office Copy.

**Forwarded/By order**

**Section Officer**

**Copy to:-** PS to Hon'ble Chief Minister
PS to Hon'ble Revenue Minister
PA to the Secretary E&IT Department
CA to Joint Secretary,E&IT Department

**GOVERNMENT OF KERALA**

**Abstract**

Electronics & Information Technology Department —Transfer of 12.30 cents of land in Block No. 11 Surrvey No. 406/07 of Kazhakuttam village, Thiruvananthapuram Thaluk owned by Technopark to Police Department on lease basis for 90 years - Amended - Orders issued.

**ELECTRONICS & INFORMATION TECHNOLOGY (A) DEPARTMENT**

**G.O.(Rt) No. 13/2022/ITD          Dated, Thiruvananthapuram : 25/01/2022**

Read:-1.G.O(Ms) No. 28/2019/E&ITD dated 14/11/2019.

2. Letter No. ETPK/S&L/2020/171 dated 05/02/2020 from the CEO, Technopark.

**ORDER**

As per the Government Order read as 1st paper above, Government have ordered to transfer 12.30 cents of land (10 cents + 2.30 cents) in Block No. 11, Surrvey No. 406/07 of Kazhakuttam village, Thiruvananthapuram Thaluk owned by Technopark to Police Department for construction of integrated office for Cyberdome Project. It was also ordered that the CEO, Technopark would take necessary steps to hand over the land to Police Department after observing all statutory formalities.

CEO, Technopark as per the letter read above sought for order for determination of mode of transfer and the amount of consideration which is not mentioned in the order issued for the transfer of land to Cyberdome. Cyberdome project is for establishing the centre for cyber security and innovations in security measures by deployment of advanced IT tools for combating new challenges in cyber security through technology upgradation. The new generation centre envisages R&D and data analytics in the areas of cyber forensic with artificial intelligence and

big data analysis for prevention & detection of crimes driven through mobile and internet technology.

Government have examined the matter in detail and further order that 12.30 cents of land in Survey no. 406/07 in block no. 11 of Kazhakuttam village, Trivandrum District owned by Technopark, which was ordered to be transferred to Police Department for construction of integrated office for Cyberdome project vide G.O. read as 1st paper above is to be transferred on lease basis for 90 years for a consideration of one-time payment towards lease rental @ 1000/ per Cent for the entire lease period.

The GO read as 1st paper above stands modified to the above extend.

(By order of the Governor)
**Bishwanath Sinha**
**Principal Secretary**

To:

The State Police Chief, Kerala, Thiruvananthapuram.
The Chief Executive Officer, Technopark.
The Accountant General (A&E/Audit), Thiruvananthapuram
Home (E) Department
The Director, I&PRD (Web & New Media)
Stock File/Office Copy

Forwarded/ By order

Section Officer